
റിന്യൂഎക്സ്: റൗണ്ട് ടേബിൾ ചർച്ച നടത്തി

# ‘ഊർജ ലഭ്യത ഉറപ്പാക്കാൻ വേണം പമ്പ്ഡ് സ്റ്റോറേജ് പദ്ധതി’

തിരുവനന്തപുരം● സംസ്ഥാനത്ത് 10% വീടുകളിൽ പോലും പുരപ്പുറ സോളർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ലെന്ന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ .ആർ.ഹരികുമാർ. നിലവിൽ ഒരു ശതമാനം വീടുകളിൽ മാത്രമാണ് സോളർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ നിർമാണം വൈകാതെ ആരംഭിച്ചാൽ മാത്രമേ 2030ൽ പ്രതീക്ഷിക്കുന്ന ഊർജ ലഭ്യത ഉറപ്പാക്കാനാകു എന്നും അദ്ദേഹം പറഞ്ഞു.

ചെന്നൈ നന്ദമ്പാക്കത്ത് 23ന് ആരംഭിക്കുന്ന പുനരുപയോഗ ഊർജ സോഴ്സിങ് മേളയായ റിന്യൂഎക്സിന്റെ ഭാഗമായി ‘ഇന്ത്യയിലെ പുനരുപയോഗ ഊർജത്തിന്റെ ഭാവി: ഉയർന്നു വരുന്ന പ്രവണതകളും അവസരങ്ങളും’ എന്ന വിഷയത്തിൽ സംഘടിപ്പിച്ച റൗണ്ട് ടേബിൾ ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

അനെർട്ട് സിഇഒ നരേന്ദ്രനാഥ് വേലൂരി, പിഎം സൂര്യഘർ പദ്ധതി സംസ്ഥാന നോഡൽ ഓഫിസർ നൗഷാദ് ഷറഫുദീൻ, കേരള റിന്യൂവബിൾ എനർജി ഒൻട്രപ്രനേഴ്സ് ആൻഡ് പ്രമോട്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശിവരാമകൃഷ്ണൻ, ഇൻഫോമ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സീനിയർ ഗ്രൂപ്പ് മാനേജർ രജ്നീഷ് ഖട്ടർ, സീനിയർ പ്രോജക്ട് ഡയറക്ടർ ജൂലിയൻ തോമസ്, വാട്സൺ എനർജി ഇന്ത്യ ലിമിറ്റഡ് സിഇഒ ടെറൻസ് അലക്സ്, ലഗ്നുവോ എനർജി സിഇഒ മുഹമ്മദ് റിനാസ് ചേനങ്ങാടൻ എന്നിവർ പ്രസംഗിച്ചു.



ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി